# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -29 07.08.2017 ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയയുടെ പ്രവർത്തനം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എം.ഷാജി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയയുടെ പ്രവർത്തനം വ്യാപകമായി തുടരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു നേരിടാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;<br><br>(ബി) ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനം തുടരാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊള്ള പലിശക്കാർക്കെതിരെയും അമിത പലിശ ഈടാക്കുന്നവർക്കെതിരെയും ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ ഇത്തരം കേസുകളുടെയും പരാതികളുടെയും എണ്ണത്തിൽ വളരെയധികം കുറവ് വന്നിട്ടുള്ളതാണ്. 2014 വർഷത്തിൽ 2900 കേസുകളും, 2015 വർഷത്തിൽ 597 കേസ്സുകളും, 2016 വർഷത്തിൽ 210 കേസ്സുകളും, 2017 വർഷത്തിൽ നാളിതുവരെ 108 കേസ്സുകളും KML Act, Kerala Prohibition of Charging Exorbitant Rate of Interest Act എന്നിവ അനുസരിച്ച് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.